**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **10-03-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വായ്പാ നിബന്ധനകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | 1956-ലെ കമ്പനീസ് ആക്ട് പ്രകാരം 1972-ലാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ രൂപീകരിക്കപ്പെട്ടത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മിതമായ പലിശ നിരക്കിൽ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികളിലൂടെ വായ്പകൾ ലഭ്യമാക്കുന്നതിനും, അതുവഴി അവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടു വരുന്നതിനുമാണ് കോർപ്പറേഷൻ നിലകൊള്ളുന്നത്. നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 50,000/- രൂപ മുതൽ 50 ലക്ഷം രൂപ വരെ വായ്പ നൽകാനുതകുന്ന വിവിധ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ മുഖ്യ കാര്യാലയത്തിനു കീഴിൽ 14 ജില്ലാ കാര്യാലയങ്ങളും 3 ഉപജില്ലാകാര്യാലയങ്ങളും പ്രവർത്തിച്ചു വരുന്നു. ദേശീയ പുനർവായ്പാ ഏജൻസികളുടെ വായ്പാ സഹായവും, സംസ്ഥാന സർക്കാരിന്റെ മൂലധനസഹായവും ഉപയോഗിച്ചാണ് കോർപ്പറേഷൻ വായ്പാ വിതരണം നടത്തുന്നത്. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ വായ്പകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിബന്ധനകളും വിശദമാക്കാമോ; | (ബി) | കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന വിവിധ വായ്പാ പദ്ധതികളുടെ മാനദണ്ഡങ്ങൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വായ്പകൾക്ക് നിബന്ധനയായി സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്യാരന്റി ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | വസ്തു ജാമ്യം, നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, എൽ.ഐ.സി. പോളിസി എന്നിവക്കു പുറമേ സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്യാരണ്ടിയിലും വായ്പകൾ അനുവദിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മേൽപ്പറഞ്ഞ നിബന്ധനമൂലം പാവപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ജനങ്ങൾക്ക് വായ്പകൾ അപ്രാപ്യമാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വസ്തു ജാമ്യം, നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ, എൽ.ഐ.സി. പോളിസി എന്നിവക്കു പുറമേ ആണ് സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്യാരണ്ടിയിലും കോർപ്പറേഷൻ വായ്പകൾ നൽകിവരുന്നത്. കുടുംബശ്രീ മുഖേനയുള്ള വനിതാ സംരംഭക വായ്പകൾക്ക് ജാമ്യം ഒഴിവാക്കി വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 1

കോർപ്പറേഷനിൽ നിന്നും വായ്പ അനുവദിക്കുന്നതിനുള്ള പൊതുവായ നിബന്ധനകൾ താഴെപ്പറയുന്ന പ്രകാരമാണ്.

(1) അപേക്ഷകർ പട്ടിക വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.
(2) അപേക്ഷകരുടെ പ്രായപരിധി 18 – 55 വയസ്സിനുള്ളിൽ ആയിരിക്കണം.
(3) എൻ.എസ്.എഫ്.ഡി.സി., എൻ.എസ്.ടി.എഫ്.ഡി.സി പദ്ധതികളിലെ വായ്പക്ക് അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. മറ്റു പദ്ധതികൾക്ക് വ്യത്യസ്ത വരുമാന പരിധിയാണുള്ളത്.
(4) വായ്പക്ക് ജാമ്യമായി സ്വീകരിക്കുന്നവ –

(a) വസ്തു ജാമ്യം
(b) ഉദ്യോഗസ്ഥ ജാമ്യം
(C) നിർദ്ദിഷ്ട ധനകാര്യ സ്ഥാപനങ്ങളുടെ ഫിക്സ്ഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ്
(d) എൽ.ഐ.സി പോളിസി.

(വിവിധ വനിതാ ശാക്തീകരണ പദ്ധതികളായ വനിതാ ശാക്തീകരണ പദ്ധതി (ഗ്രൂപ്പ്), വനിതാ ശാക്തീകരണ പദ്ധതി (സി.ഡി.എസ്സ്) എന്നിവക്ക് ജാമ്യം ആവശ്യമില്ല.)